# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2059 — 13/06/2019-ൽ മറുപടിയ്ക്ക്

## പകർച്ചവ്യാധി നിയന്ത്രണത്തിന് പ്രത്യേക പദ്ധതി

**ചോദ്യം**

ശ്രീ.എം. വിൻസെന്റ്
,, വി.ഡി.സതീശൻ
,, കെ.എസ്.ശബരീനാഥൻ
,, ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് ഈ വരുന്ന കാലവർഷക്കാലത്ത് എലിപ്പനി, ഡെങ്കിപ്പനി, മലേറിയ, മഞ്ഞപ്പിത്തം, ജാപ്പനീസ് എൻസഫലെറ്റിസ് തുടങ്ങിയ രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കുവാൻ ആരോഗ്യ-വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

എ) കാലവർഷക്കാലത്തും, അതിനെത്തുടർന്നും പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെയും, ഏജൻസികളുടെയും, ആരോഗ്യ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രതിദിനം പ്രതിരോധത്തിനായി ശുചീകരണ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം ആരോഗ്യ വകുപ്പ് നടത്തി വരികയാണ്. വാർഡ് തലത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കി വാർഡ്തല ആരോഗ്യ ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ ബോധവൽക്കരണവും, ശുചീകരണവും, കൊതുകിന്റെ ഉറവിട നശീകരണ കാമ്പയിനുകളും സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. കൊതുകിന്റെ ഉണങ്ങിയ ഉറവിടങ്ങളും, പ്രധാന ഉറവിടങ്ങളും നീക്കം ചെയ്യുന്ന കാമ്പയിൻ, ജലശുദ്ധി കാമ്പയിൻ, തോട്ടങ്ങളിലെ കൊതുക് ഉറവിടങ്ങൾ ഇല്ലാതാകുന്ന കാമ്പയിൻ തുടങ്ങിയവ കൊതുകുജന്യ, ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാനായി നടത്തി. എലിപ്പനിക്കെതിരെ ബോധവൽക്കരണം, ഡോക്സിസൈക്ലിൻ പ്രതിരോധ ചികിത്സ, ക്ലോറിനേഷൻ, കൃഷി വകുപ്പും മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് എലിനശീകരണം തുടങ്ങിയവ നടത്തി. കൂടാതെ രോഗനിരീക്ഷണം, ചികിത്സ എന്നിവയും കാര്യക്ഷമമായി നടത്തി വരുന്നു.

| | | | |
|---|---|---|---|
| ബി) | പകർച്ചവ്യാധി നിയന്ത്രണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിനായി രൂപീകരിച്ച കർമ്മസേനയുടെ പ്രവർത്തനം വിശദമാക്കുമോ ? | ബി) | പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിന് 'ആരോഗ്യജാഗ്രത' എന്ന പേരിൽ സംസ്ഥാനതല കർമ്മ പരിപാടി പ്രവർത്തന കലണ്ടർ ഉൾപ്പെടെ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. കൂടാതെ ജില്ലാതലത്തിലും, വാർഡ്തലത്തിലും ഇത്തരം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>വാർഡ്തലത്തിൽ രൂപീകരിച്ചിരിക്കുന്ന ആരോഗ്യസേന ഗൃഹസന്ദർശനം, ബോധവൽക്കരണം, രോഗനിരീക്ഷണം, കൊതുകുറവിട നശീകരണം, ജലജന്യ-രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഏതെങ്കിലും പ്രദേശത്ത് രോഗം പൊട്ടിപ്പുറപ്പെടുന്ന സാഹചര്യത്തിൽ ആരോഗ്യ സേനാ പ്രവർത്തകർ സജീവമായി രോഗനിയന്ത്രണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |

സെക്ഷൻ ഓഫീസർ